**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1941** **29-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിനുള്ളിലെ കെ.എസ്.ആർ.ടി.സി. പാതകളിൽ സ്വകാര്യബസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ക്ക് മാത്രം പെർമിറ്റുള്ള പാതകളിൽ സ്വകാര്യബസുകൾ സജീവമായതോടെ കോർപ്പറേഷൻ നേരിടുന്ന പ്രധാന പ്രതിസന്ധി എന്തെല്ലാമാണെന്ന് വിശദമാക്കുമോ; സ്വകാര്യബസുകൾക്ക് അനുകൂലമായി സർക്കാർ പ്രവർത്തിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ദേശസാൽകൃത റൂട്ടുകളിൽ സർവീസ് നടത്തുന്നതിനുള്ള പൂർണ്ണമായ അവകാശം കെ.എസ്.ആർ.ടി.സി.യിൽ തന്നെ നിക്ഷിപ്തമാണ്. എന്നാൽ ഇത്തരം റൂട്ടുകളിൽ നിയമാനുസൃതമായ രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ള സ്വകാര്യ ബസ് പെർമിറ്റുകൾ നിബന്ധന പ്രകാരം അനുവദിക്കപ്പെട്ട ഓവർലാപ്പിംഗ് ദൂരം മുഖാന്തിരമുള്ള പെർമിറ്റുകൾ തുടങ്ങിയവ ചട്ടപ്രകാരം അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ചില സ്വകാര്യ കോൺട്രാക്ട് കാര്യേജുകൾ അനധികൃതമായി ഇത്തരം റൂട്ടുകളിലൂടെ സ്റ്റേജ് കാര്യേജ് ആയി ഓപ്പറേറ്റ് ചെയ്യുന്നതിനെതിരെ കർശനനടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്.<br><br>സ്വകാര്യ ബസ്സുകൾ 140 കിലോമീറ്ററിൽ കൂടുതൽ റൂട്ട് ദൈർഘ്യത്തിൽ സർവീസ് നടത്തരുതെന്ന ദേശസാൽകൃത സ്കീം വ്യവസ്ഥകൾ ബഹു. കേരള ഹൈക്കോടതി W.A.1821/2024 മുതൽ കേസുകളിലെ 17.03.2025-ലെ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. ഇതിനെതിരെ ബഹു. സുപ്രീം കോടതിയിൽ കെ.എസ്.ആർ.ടി.സി. അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. സ്വകാര്യ ബസ്സുകൾക്ക് അനുകൂലമായി സർക്കാർ പ്രവർത്തിക്കുന്നു എന്ന തരത്തിൽ യാതൊരു ആരോപണവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.യെ പൊതുഗതാഗതരംഗത്ത് ശക്തമായി നിലനിർത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | ഓൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിറ്റുള്ള ബസുകൾ റൂട്ട് സർവീസ് പോലെ ഓടുന്നത് നിയമലംഘനമാണെന്ന് ഹൈക്കോടതി വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തടയാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഓൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിറ്റുകൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുതിയ വിജ്ഞാപനം 15.09.2025 തീയതിയിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ഓൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിറ്റുള്ള ബസ്സുകൾക്ക് സ്റ്റേജ് കാര്യേജുകളായി പ്രവർത്തിപ്പിക്കുന്നതിന് യാതൊരുവിധ സാഹചര്യങ്ങളും ഇല്ലാത്തതാണ്. |

| | | | |
|---|---|---|---|
| | | | WP(C) 19537/2023, WP(C) 32419/2023, WP(C) 37551/2023, WP(C) 37980/2023, WP(C) 38261/2023, WP(C) 38410/2023, WP(C) 39289/2023, WP(C) 42719/2023, WP(C) 4555/2024, WP(C) 32419/2023, എന്നീ കേസുകളിലെ വിധിന്യായത്തിൽ ബഹു. കോടതി ഓൾ ഇന്ത്യ ടൂറിസ്റ്റ് & പെർമിറ്റ് ഓപ്പറേറ്റേഴ്സ്-ന്റെ നിയമലംഘനങ്ങൾക്കെതിരെ വിധി പ്രഖ്യാപിച്ചിട്ടുള്ളതാണ്.<br><br>ഇത്തരം സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ മോട്ടോർ വാഹന വകുപ്പ് പരിശോധന നടത്തി കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരം വാഹനങ്ങളിൽ എം.വി.ഡി. ഉദ്യോഗസ്ഥർ പരിശോധന നടത്തുമ്പോൾ ബസ്സുടമകൾ അധിക ചാർജ്ജ് ഈടാക്കുന്നത് ഉൾപ്പെടെയുള്ള പരാതികളൊന്നും യാത്രക്കാർ നൽകുവാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അധിക ചാർജ്ജ് ഈടാക്കുന്ന സാഹചര്യങ്ങൾ മോട്ടോർ വാഹന വകുപ്പ് നിരീക്ഷിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ